# പതിമൂന്നാം കേരള നിയമസഭ

## (പതിമൂന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 127 09/03/2015-ൽ മറുപടിയ്ക്ക്**

## താനൂർ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:** | | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
| (എ) | താനൂർ ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളിലും, ഹയർസെക്കന്ററിയിലും, വൊക്കേഷണൽ ഹയർ സെക്കന്ററിയിലുമായി എത്ര വിദ്യാർത്ഥികളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | താനൂർ ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളിൽ, ഹൈസ്കൂൾ വിഭാഗത്തിൽ 42 കുട്ടികളും, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിൽ 173 കുട്ടികളും, ഹയർസെക്കന്ററി വിഭാഗത്തിൽ 520 കുട്ടികളും പഠിക്കുന്നു. |
| (ബി) | ഇവരിൽ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന എത്ര പേരുണ്ടെന്ന് അറിയിക്കുമോ; | (ബി) | ഹൈസ്ക്കൂൾ വിഭാഗത്തിൽ പഠിച്ചു വരുന്ന 42 പേരും ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നു. |
| (സി) | ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി, വി.എച്ച്.എസ്.സി. പരീക്ഷകളിൽ ഇവിടുത്തെ വിജയ ശതമാനം എത്രയായിരുന്നെന്ന് വിശദമാക്കാമോ; | (സി) | 2014-15 വർഷത്തിൽ എസ്എസ്എൽസിക്ക് 100 ശതമാനവും വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിൽ 54.76 ശതമാനവും ഹയർസെക്കന്ററി വിഭാഗത്തിൽ 83 ശതമാനവുമായിരുന്നു വിജയം. |
| (ഡി) | ഈ സ്ഥാപനത്തിൽ അധ്യാപക-അധ്യാപകേതര ജീവനക്കാർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ ? | (ഡി) | ഹൈസ്ക്കൂൾ വിഭാഗത്തിൽ 8 അദ്ധ്യാപകർ (1 ദിവസ വേതനം), 1 ഹെഡ്മിസ്ട്രസ്സ്, 7 അനദ്ധ്യാപകർ (4 ദിവസ വേതനം) എന്നിവരും വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ 13 അദ്ധ്യാപകരും (4 ദിവസ വേതനം) 3 ലാബ് അസിസ്റ്റന്റ്മാരും 2 മിനിസ്റ്റീരിയൽ ജീവനക്കാരും,. ഹയർസെക്കന്ററി വിഭാഗത്തിൽ 22 അദ്ധ്യാപകരും (9 ദിവസ വേതനം) 2 ലാബ് അസിസ്റ്റന്റ്മാരും ജോലി ചെയ്തു വരുന്നു. |

**സെക്ഷൻ ആഫീസർ**